# അതിജീവനത്തിലേക്ക്..

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

പറശ്ശിനിക്കടവ് എച്ച് എസ്

# എഡിറ്റോറിയൽ ഡെസ്കിൽ നിന്ന്

നമ്മുടെ ക്ലാസ്സ് മുറികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യതോടു കൂടി പൊതു വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് കൈ വന്നിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബിലൂടെ ' കുട്ടികൾക്ക് കമ്പ്യൂട്ടറിന്റെ വിവിധ സാങ്കേതിക വശങ്ങളെ കുറിച്ച് കുട്ടികൾക്ക് പരിശീലനം ലഭിച്ചു. അവർക്ക് ലഭിച്ച പരിശീലനത്തിന്റെ വിവിധ സങ്കേതങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ഡിജിറ്റൽ മാഗസീൻ ആണ് ഇത്. നമ്മുടെ സംസ്ഥാനം അഭിമുഖീകരിച്ച മറ്റൊരു പ്രശ്നമാണ് പ്രളയം. പ്രളയത്തെയും നമ്മുടെ സംസ്ഥാനം ഒറ്റ കെട്ടായി അഭിമുഖീകരിച്ച .അത് വിതച്ച നാശത്തിൽ നിന്ന് നാം കരകയറി കൊണ്ടിരിക്കുകയാണ് . ഈ സാഹചര്യത്തിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ "അതിജീവനത്തിലേക്ക്... " എന്ന മാഗസീൻ ഏവർക്കും മുന്നിൽ സമർപ്പിക്കുകയാണ്.

എഡിറ്റോറിയൽ ബോർഡ്

     

## ഉള്ളടക്കം

........................................................................................................................2
പറശ്ശിനിക്കടവ് ഹയർ സെക്കൻഡറി സ്കൂൾ - ചരിത്ര താളുകളിലൂടെ.......................................................1
ഈ അധ്യയന വർഷത്തിലൂടെ ഒരു എത്തിനോട്ടം.............................................................................3
അതിജീവനം.....................................................................................................................5
എന്തിനു നീ എന്നെ തനിച്ചാക്കി?...............................................................................................6
ജീവിതമെന്ന തളിരിടം............................................................................................................7
ഒരു ഓർമ്മയായ്.....................................................................................................................7
ഭൂമിയിലെ പ്രളയം..................................................................................................................9
അതിജീവനത്തിന്റെ നാൾ വഴികൾ............................................................................................10
പ്രളയഭൂമി............................................................................................................................11
എൻ സഖി.............................................................................................................................13
വീണ്ടും തളിർക്കും സ്വപ്നം......................................................................................................14
ഒരു അമ്മയുടെ നൊമ്പരം........................................................................................................16

# പറശ്ശിനിക്കടവ് ഹയർ സെക്കൻഡറി സ്കൂൾ - ചരിത്ര താളുകളിലൂടെ........

നാടിന്റെ ആത്മാവ് ഗ്രാമങ്ങളാണെന്ന പോലെ ഗ്രാമങ്ങളുടെ ആത്മാവ് അവിടെയുള്ള വിദ്യാലയങ്ങളാണ്. അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്ന വിദ്യാലയത്തിന്റെ ചരിത്രം ആ നാടിന്റെ ചരിത്രം തന്നെയാണ് . നമ്മുടെ നാടിന്റെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് ചാലകശക്തിയായി തീർന്നത് ഈ വിദ്യാലയത്തിന്റെ പിറവിയും വളർച്ചയുമാണ് . ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് കാരണം അനേകം മനുഷ്യ സ്നേഹികളുടെ ത്യാഗവും കഠിനാധ്വാനവുമാണ്.

കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയിൽ വളപട്ടണം പുഴയോട് തൊട്ടു കിടക്കുന്നതും പറശ്ശിനി ശ്രീ മുത്തപ്പ ദേവന്റെ അനുഗ്രഹം എന്നെന്നും ഏറ്റുവാങ്ങുന്നതുമായ ഒരു ഇടത്തരം കർഷക ഗ്രാമമാണ് പറശ്ശിനിക്കടവ് . ആന്തൂർ നഗരസഭയിലെ 13, 14 വാർഡുകളിലായി പറശ്ശിനിക്കടവ് ബസ് സ്റ്റാന്റിനടുത്ത് ആറ് ഏക്കർ സ്ഥലത്താണ് പറശ്ശിനിക്കടവ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത് .72 വർഷം പഴക്കം ഉള്ള വിദ്യാലയമാണിത്. ഈ നാടിന്റെ ഒട്ടേറെ വികസ പ്രവർത്തനങ്ങൾക്ക് പ്രേരക ശക്തിയായി പ്രവർത്തിച്ചത് പറശ്ശിനി മടപ്പുര ക്ഷേത്രമായിരുന്നു .ശ്രീ വലിയ രാമുണ്ണി മടയന്റെ ഭരണകാലത്ത് മടപ്പുര മാനേജരായിരുന്ന ശ്രീ പി.എം കുഞ്ഞിരാമൻ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത് . 1922,ൽ അദ്ദേഹം ഒരു എലിമെന്ററി സ്കൂൾ സ്ഥാപിച്ചു .... അഞ്ചാം തരത്തിനു ശേഷം പഠന സൗകര്യമില്ലാത്താ അവസ്ഥ മാനേജരെ ദുഃഖത്തിലാഴ്ത്തുകയും ഹയർ എലിമെന്ററി സ്കൂളിന് വേണ്ടി ശ്രമിക്കുകയും ചെയ്തു. 1947 ൽ സെക്കന്ററി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. 1950 ൽ ആദ്യ എസ് എസ് എൽ സി ബാച്ച് പരീക്ഷ എഴുതി. 1963 ൽ ഹൈസ്കൂളിൽ നിന്ന് യു.പി വേർപ്പെടുത്തി.

കോഴ സമ്പ്രദായം ഇല്ലാതിരുന്ന പഴയ കാലത്ത് പ്രഗത്ഭരായ അധ്യാപകരെ കണ്ടെത്തി, കൂടുതൽ ഇൻക്രിമെന്റ് നൽകി ചേർത്തു. അധ്യാപകർക്ക് കുടുംബസമേതം താമസിക്കാനുള്ള വീടുകൾ ,പുസ്തകങ്ങൾ എന്നിവ സൗജന്യമായി നല്കി. അകലെ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസം , ഭക്ഷണം , ബോട്ട് യാത്ര എന്നിവ നൽകിയിരുന്നു. ,

ക്ലാസ് മാസിക , സാഹിത്യ സമാജം,മാസ്സ് ഡ്രിൽ എന്നിവ നടത്തിയിരുന്നു._ ആദ്യഘട്ടത്തിൽ തൊഴിൽ പരിശീലനം എന്ന നിലയിൽ ആൺകുട്ടികൾക്ക് നെയ്ത്ത്, നൂൽ നൂൽപ്പ് എന്നിവയിൽ ഒരു വീവിങ് മാസ്റ്ററുടെ കീഴിൽ പരിശീലനം നൽകിയിരുന്നു.

ആദ്യകാലങ്ങളിൽ വാർഷികാഘോഷം നടത്തിയിരുന്നു. ഇതിൽ ചരിത്ര നാടകം, പൂരക്കളി, കോൽക്കളി ,കുമ്മി എന്നിവ കുട്ടികൾ അവതരിപ്പിച്ചിരുന്നു .
1997 ൽ ഒരു വർഷം നീണ്ടു നിന്ന ആഘോഷ പരിപാടികളോടെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. സുവർണ്ണ ജൂബിലിസറ്റേജും കുടിവെള്ള പദ്ധതിയും ഈ കാലഘട്ടത്തിലെ നേട്ടമാണ്. വിവര സാങ്കേതിക വിദ്യയുടെ പ്രാധാന്യം കണക്കിലെടുത്ത് 2000 ൽ IT ലാബ് ഉദ്ഘാടനം ചെയ്തു, ഇന്ന് അത് 3 ഐ ടി ലാബും ഒരു മൾട്ടിമീഡിയ ലാബും ആയി ഉയർന്നിരിക്കുന്നു.

2002 ൽ അൺ എയ്ഡഡ് ഹയർ സെക്കൻഡറി ആരംഭിച്ചു, 2010 ൽ ആഗസ്റ്റ് 16 ന് ബഹു. എം എൽ എ ശ്രീ. C K P പത്മനാഭൻ എയ്ഡഡ് ഹയർ സെക്കണ്ടറി കോഴ്സ് ഉദ്ഘാടനം ചെയ്തു. 2011 ൽ ജെയിംസ് മാത്യു M LA പുതിയ ഹയർ സെക്കണ്ടറി കെട്ടിടം നാടിന് സമർപ്പിച്ചു. 2015 ൽ എട്ടാം തരത്തിൽ ആദ്യ ജംഗ്ലീഷ് മീഡിയം ബാച്ച് ആരംഭിച്ചു 2017 ൽ എം എൽ എ യുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി HS, HSS എന്നീ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളും ഹൈ ടെക്ക് ആയി. 2019 ജനുവരിയിൽ ഹയർ സെക്കൻഡറി കെട്ടിടത്തോടനുബന്ധിച്ചുള്ള പുതിയ ഓഡിറ്റോറിയം ബഹു: മന്ത്രി ശ്രീ. ഇ.പി ജയരാജൻ നാടിന് സമർപ്പിച്ചു
വിദ്ധ്യാർത്ഥികളുടെ പാഠ്യ പ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് വിവിധ ക്ലബുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

**അനുപമ**

# ഈ അധ്യയന വർഷത്തിലൂടെ ഒരു എത്തിനോട്ടം









Sub dristrict camp inauguration













Little kites sub dristrict camp



Yoga day celebration



School exhibition



Interaction with our honr.collector

# അതിജീവനം

അനാമിക



എൻ നാടുകണ്ട കൊടും ഭീതി പ്രളയ

ജീവജാലങ്ങൾക്ക് കാലനായ പ്രളയം

മരണങ്ങൾ അനവധി നഷ്ടങ്ങൾ നിരവധി-

യാകയെൻ നാടൊരു പ്രളയ ഭൂമി

ആയുസും വിയർപ്പുമൊഴുക്കി പണിതവ-

യെല്ലാം നശിച്ചു കഴിഞ്ഞിരിക്കുന്നു

ഭക്ഷണവുമില്ല,പാർപ്പിടവുമില്ല

മാറിയുടുക്കുവാനൊരു മറുതുണിയുമില്ലജനങ്ങൾക്കു

മൽപ്പം ആയുസ്സുമാത്രം ബാക്കിവച്ചു.

# എന്തിനു നീ എന്നെ തനിച്ചാക്കി?

അമയ



പോട്ടികരഞ്ഞതെന്തേ നീ? അണപൊട്ടിയൊഴുകിയതെന്തെ?
മോഹങ്ങൾ  കെടുത്തി നീയെന്റെ കൂരയെ കൊണ്ടങ്ങുപ്പോയി....
ആശകൾ എണ്ണി പൊറുക്കി ഞാൻ വച്ചൊരുകൊച്ചുകൂര

നാളുകൾ എണ്ണി ഞാൻ നിന്നു എന്റെ കൂരയിൽ തലയങ്ങുചായ്ക്കാൻ....
പഴയുടെ മാറൊന്നു ചേർന്നു കിടന്നെന്നും
ചിരി തൂകി നിന്നെന്റെ കൂര....

കർക്കിട രാവുകൾ  ഭീതി പരത്തി
എത്തി നീ എന്നെ തകർക്കാൻ
പെയ്തൊഴിയാതെ നീ നിന്നു എന്റെ
മോഹങ്ങൾ ചവിട്ടിമെതിക്കാൻ

യാമത്തിൽ എത്തി നീയെന്റെ കൊച്ചു കൂരയെതഴുകാൻ
നിന്നുടെ സ്പർശനമേറ്റ് എന്റെ കൊച്ചു കൂരയങ്ങു പ്പോയി

എന്തെ നീ ബാക്കി എന്റെ കൊച്ചുകിനാക്കി
എന്റെ ഈ കൊച്ചു കിനാക്കൾ

എന്തെ നീ അറിയാതെ പോയീ
എന്റെ കൊച്ചു നൊബരങ്ങരങ്ങൾ
നീ വിട്ടു പോയ ഈ ഭൂമി ഇന്നു നീ പോയി കളി വീട്ടു പോലെ
എന്തിനു നീ എന്നെ തനിച്ചാക്കി?എന്റെ കൂരയെ കൊണ്ടങ്ങു പോയെ?...
ഒപ്പമുണ്ട് എനിക്കിന്ന് എന്റെ ആളൊഴിഞ്ഞ ഭൂമി
എന്റെ ആളൊഴിഞ്ഞ ഭൂമി.എന്റെ ചേതനയേറ്റ ഭൂമി.

# ജീവിതമെന്ന തളിരിടം

# ഒരു ഓർമ്മയായ്

ഹഫ്ന



ഏകാന്തതയുടെ ഇരുളിടത്തുനിന്ന് ഇന്ന് അവളും പോകാൻ തയ്യാറായിരിക്കുന്നു. എന്തറിയാതെ ഒരു നിമിഷം അവരും കരയാം. തെക്കേപ്പുറം വയലിനടുത്ത് ഒരു കൊച്ചു വീടായിരുന്നു അവളുടേത്.സങ്കടങ്ങളും സന്തോഷവുമാണ് അവളുടെ കൂട്ട്. എന്നും ദുഃഖം മാത്രമായിരുന്നു.കാരണം ഒരു ദത്തുപുത്രിക്ക് എത്രയൊക്കെയായാലും തന്റെ മാതാപിതാക്കളിൽ നിന്നും ലഭിക്കുന്ന പരിഗണന ദുരിതത്തിന്റേത് മാത്രമായിരിക്കും.പക്ഷെ,അവൾ ഇങ്ങനെയൊന്നും ജീവിക്കേണ്ടവളായിരുന്നില്ല അച്ഛന്റേയും അമ്മയുടെയും മൂത്തപുത്രി അതിന്റേതായ വാത്സല്യവും സ്നേഹവും അവർക്ക് അവളോട് എന്നുമുണ്ടായിരുന്നു.

അങ്ങനെ ഒരു ദിവസം അനുവിന്റെ ഫീസിന്റെ ആവിശ്യത്തിനായി അവളുടെ അച്ഛൻ ബാങ്കിൽ നിന്നു പണം വായ്പ്പയെടുക്കാനായി പോയി.വളരെ വിഷമിച്ചിട്ടായാലും അന്നയാൾക്ക് ആ ലോൺ കിട്ടി.

അങ്ങനെ കോളേജിൽ പോയി അനുവിന്റ ഫീസടിച്ച വളരെയധികം ക്ഷീണിച്ചിട്ടാണ് അന്ന് രാഘവേട്ടൻ വീട്ടിലെത്തിയത് അന്ന് വീട്ടിൽ വെച്ച് ചെറിയ ശ്വാസ തടസ്സമുണ്ടായി.ജീവിതത്തെില സങ്കടങ്ങൾക്കും , ദുരിതങ്ങൾക്കുമവസാനം നാളത്തെ ദിനമായിരിക്കുമെന്ന് അവൾ ഒരുപാട് പ്രതീക്ഷിച്ചിരുന്നു.അന്ന് അവൾ വീട്ടിലേക്ക് പോകാൻ ഒറ്റക്കായിരുന്നു.അവസാനം അവൾ അര മണിക്കൂറോളം ഒറ്റയ്ക്ക് നടന്നു.

തന്റെ ജീവിതത്തെക്കുറിച്ച് സ്വപ്നം കണ്ട അവൾക്കുന്നേരെ അന്ന്

വിധി പ്രയോഗിച്ചത് ഒട്ടൂങ്ങാത്ത ദൂരിതമായിരിക്കണം.ഒരിക്കൽ അവളെ കൈപിടിച്ചുയർത്തിയ ദൈവം തെന്നു തന്റെ ജീവിതത്തെ ഇന്ന് തകർക്കാനിരുന്നു.എങ്കിലും പ്രതീക്ഷകൾ ബാക്കിവച്ച് അവർ ഒരു നിമിഷം ആ ജീവിതവായു ശ്വസിച്ചു.

ഏകാന്തതയുടെ ഇരുളിടത്തു നിന്ന് അവളും പോകാൻ തയ്യാറായി കഴിഞ്ഞിരിക്കുന്നു. വീണ്ടും തളിർക്കാനായി ഒരുപാട് ജീവിതസ്വപ്നങ്ങളും ബാക്കിയാക്കി. ഒരു നിമിഷമെങ്കിലും അവരും കരയാം ആ ധരാധരമ്മാർ. ഞങ്ങളോടൊപ്പം.പ്രതീക്ഷകൾ ബാക്കിയാക്കി അവളും പോയി ഒരു പൊട്ടിയ തളിരില പോലെ.

# ഭൂമിയിലെ പ്രളയം

ആദിത്യ എസ്



മാനുഷർ ഭൂമിയെ കൊന്നുകൊണ്ടെന്നും

മരങ്ങളും പച്ചപ്പും കൊണ്ട് സമൃദ്ധമാം
ഭൂമിയേ നശിപ്പിക്കുവാൻ തുനിഞ്ഞിരികുന്നു.
താളം തെറ്റിയെത്തും ഋതുക്കളും ചുട്ടുവെയിലിൽ
കത്തും തീഗോളമായ് മാറി ഭൂമി
സഹനശേഷിയും നിറഞ്ഞ ഭൂമിമാതാവ്
പൊട്ടി കരയാൻ തുടങ്ങിയെന്നും.
അത് പെയ്തത് മണ്ണിൽ മടിതട്ടിലും
തോരാത്ത ആ മഴ പെരുമഴയായി
പിന്നെ ജനങ്ങളുടെ ചങ്കിലെ തീമഴയായി
ഭൂമി കറുത്തിരുണ്ടു മാനവേ കാർമേഘങ്ങളാൽ
മൂടി.കത്തിജ്വലിച്ചിട്ടും സൂര്യനമെങ്ങുപോയ്
ഭൂമി മാതാവിന്റെ രോഷം ശമിക്കൊതെ
യാ പെരുമഴ മാനുഷരുടെ കണ്ണീർ മഴയായി.
വീടുകൾ,വമ്പൻ മരങ്ങളും
നിസ്സഹായരാം മൃഗങ്ങളും കൊച്ചുകിടാങ്ങളും
പലരുടെയും സ്വപ്നങ്ങളും ആ മഴ കൊണ്ടുപോയ്
ഏവർക്കും കൈത്താങ്ങായ് എത്തി

പലരും നന്മവിളക്കുമേന്തി.
പ്രളയം മുക്കിയ ഭൂമിയിൽ അന്ന് തിരിച്ചറിഞ്ഞു
ക്രിസ്തുവും, ഹിന്ദു, മുസ്‌ളിമുമെല്ലാം
നാം ഭൂമി മാതാവിന്റെ മക്കളെന്ന്.
കണ്ണീർക്കായലിൽ മുങ്ങിയ ജനങ്ങൾ
മതമില്ല ജാതിയും സ്നേഹം മാത്രം.

# അതിജീവനത്തിന്റെ നാൾ വഴികൾ

നന്ദന കെ



നാശം വിതയ്ക്കുമി ചില്ലകളിലേപ്പൊഴോ
നീറുന്നൊരെൻ ഭൂമി പ്രളയഭൂമി
ആയിരമാൾക്കാരുടെ ജീവിതവീഥിയിൽ
മാറാ ദുരിതമായി പ്രളയക്കടൽ
അന്നതൊട്ടിന്നുവരെ സങ്കടക്കടൽപ്പോലെ
എല്ലാം പോയ്പ്പോയ ജീവിതങ്ങൾ

തിരശ്ശീല വീണപ്പോൾ
നമ്മിലേക്കിടിഞ്ഞുവിഴ്ന്ന ദുരന്തഭൂമി
അമ്മതൻ മതൃത്വമെന്നപ്പോൾ
ഞാനും സ്നേഹിച്ചിരുന്നെൻ ഭൂമിയേ......

നാടും നഗരവും വെള്ളത്തിലായി
ആയിരങ്ങളിന്നും ദുരിതത്തിലായി
സ്നേഹം തുളുമ്പിയ പ്രകൃതിയുമീദിനം
നമ്മെ വിട്ടെറിഞ്ഞ് പോയിടുന്നു.

മാനുഷ്യരാം നാം ചെയ്ത തിന്മകൾക്കെല്ലാം
നമുക്കിന്നു തിരിച്ചടി ലഭിക്കുകയായി
ഏക ദിനം തങ്ങാനായി ആശ്രിതരെ
പ്പോലെ ആരാധനാലയങ്ങളിൽ ചെന്നെത്തിയവർ
ഞാനും സ്നേഹിച്ചിരുന്നെൻ ഭൂമിയേ..................

# പ്രളയഭൂമി

സജ അലി



കൂരിരുട്ടും വെളിച്ചവും
അന്ന്,പൊടുന്നനെ മഴപെയ്തു
കുട്ടികൾആർത്തുല്ലസിച്ചു
നീരറ്റു വറ്റി വരണ്ട ഭൂമി തൻ മാറില്
അശ്രുകണങ്ങൾ ഉതിർന്ന് വീണ
ഒന്ന് രണ്ടാഴ്ച്ച പിന്നിട്ടു
അല്ല ഒരു മാസമായി
വെയിലില്ല ചുവപ്പില്ല സൂര്യനെന്നാളില്ല
ഭൂമിതന്നിൽ പെയ്തു തീർത്തു
ഭൂമിതൻ മാറിനുണ്ടായ പുഴനീരുകൾ മനുഷ്യന്
ഈശ്വരൻ വിധിച്ച പാപക്കൊടി
താൻ ചെയ്തകർമ്മത്തിൻ ഫലം
അലകളായി വന്നു തിരിച്ചടിച്ചു
ഭൂമിതൻ മക്കൾ പാഞ്ഞു പിടഞ്ഞോടി
ഒരു തുണ്ടു ജീവനം മാത്രമായി
മാനുഷരോരോരും കൈചേർത്തു നിന്നിട്ട്
നമ്മുടെ ഭൂമിയെ വാർത്തെടുത്തു
ഓരോ പുതു ജീവനമായി കാത്തിരിക്കാൻ
നാടാകെ ഒന്നിച്ചു കൈചേർത്തു ,മിഴിതുറന്നു
അയൽക്കാരും ബന്ധുക്കളും അല്ല
തൻ സുഹൃത്തുക്കൾ ഓരോരും രക്ഷിക്കാനായി,
ഒത്തുചേർന്നു
നൻമ നിറഞ്ഞ മനസ്സോടു കൂടിയ ഒരായിരം
കരങ്ങളെത്തി പാരിൽ
അന്നത്തെ പ്രളയഭൂമി ഇന്ന് ,
ശാന്തിയുടെയും സഹനത്തിൻെറയും വിളക്കായി

പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല,
എല്ലാം ഒന്ന് തന്നെ എന്ന വാക്കുമാത്രം
ജാതിയില്ല മതമില്ല വർഗഭേദമൻയെ
എല്ലാവരും ഒന്നായി പ്രളയഭൂമി ഇന്ന്
നൻമഭൂമിയായി........
പൊടുന്നനെ മഴ തോർന്നു, മാനം വെളുത്തു....

# എൻ സഖി

വിനിഷ



എന്തൊ പറയുവാനുണ്ടോ
നിനക്കെന്നൊണ്ടെന്തോ മൊഴിയുവാനുണ്ടോ

ഈ ത്രസന്ധ്യ യ്ക്ക ഈ ഉമ്മറ തിണ്ണയിൽ
ചാരി നീ വന്നത്തിനെന്തേ

എന്തേ നിനക്കിന്നു സങ്ക ടമോ സഖി
വേദയോ അതൊ യാതനയോ
തോൽവിയെ കൈനിട്ടി സ്വികരിച്ച സഖി
നീ സ്വയം അഗ്നിപ്പോൽ ശോഭിച്ചതെ

നീ തന്നെ പ്രകൃതി തൻ അമ്മയുമെൻ സഖി
നീ തന്നെ ജീവൻ തൻസ്വപ്നവും
നിന്നിൽഅധിഷ്ഠിതം ലോകമെന്നും സഖി
നീ തന്നെ അമൃതവുംഎന്നും

നിന്നെ നോവിച്ചതി കാർമുകിലോ സഖി
നിന്നെ നോവിച്ചതി പുമരമൊ
നിന്നെ നോവിച്ചതി കാനനമോ സഖി
നിന്നെ നോവിച്ചതി പുവുകളൊ

കാർമുകിലല്ല, പമരമല്ല
കാനനമല്ല ഈ പുക്കളല്ല
നിന്നെ കളയാങ്കിതയാക്കിയതെൻ സഖി

# വീണ്ടും തളിർക്കും സ്വപ്നം

അഭിമന്യ കെ



*ദേവയാനി ... സുന്ദരിയും മനോഹരിയുമായ ഒരു പെൺകുട്ടി . ആ കുട്ടിയുടെ മനസ്സ് നിറയെ സ്വപ്നങ്ങളായിരുന്നു. തികച്ചു ദരിദ്രരായ ഒരു കുടുംബത്തിലാണ് അവൾ ജനിച്ചത്. ആ പെൺ കുട്ടിയുടെ ആഗ്രഹങ്ങൾ ആരോടും പറഞ്ഞില്ല. കാരണം അവളുടെ വിട്ടുകാർക്ക് അത് സാധിച്ച് കൊടുക്കാൻ കഴിയില്ല എന്ന് അവൾക്കറിയാം, അവൾ ഗവൺമെന്റ സ്കൂളിലെ 8ാം ക്ലാസ് വിദ്യാർത്ഥിനിയാണ്. അവളുടെ കുട്ടുകാരികളോക്കെ നല്ല യുണിഫോമും ഭംഗിയുള്ള മാലയും വളയും ഇട്ടിട്ടാണ് വരിക. ഇതൊക്കെ കാണുമ്പോൾ ദേവയാനിക്ക് കൊതിയാകും. പക്ഷെ ഇവളോട് ആരും അധികം കൂട്ടുകൂടാറില്ല. പക്ഷെ ഇവൾക്ക് എല്ലാവരും കൂട്ടുകാരാണ് . ഒരു ദിവസം അവൾ അമ്മയോട് ഇവളുടെ അഗ്രഹങ്ങളെ കുറിച്ച് പറയാൻ ഇടയായി .അമ്മ സംങ്കടത്തോടെ പറഞ്ഞു "മോളെ ഞങ്ങൾക്ക് ഇതിനൊക്കെയുള്ള ഭാഗ്യമില്ല . നിന്റെ ആഗ്രഹങ്ങൾ എനിക്കറിയാൻ പറ്റും പക്ഷെ അത് ഞങ്ങളെ കൊണ്ട് താങ്ങാൻ കഴിയില്ല" അവൾക്ക് അമ്മ പറഞ്ഞത് മനസ്സിലായി അതുകൊണ്ട് അവൾ തന്റെ അഗ്രഹങ്ങൾ മാറ്റിവെച്ചു. ദേവയാനിയുടെ അച്ഛനും അമ്മയ്ക്കും വലിയ ജോലിയൊന്നുമില്ല. അധിക ദിവസങ്ങളിലും ഇവർ പട്ടിണിയാണ് ഒരിക്കൽ ദേവയാനി സ്കൂൾ വിട്ട് വരുമ്പോൾ ദേവയാനിയുടെ അമ്മ പറഞ്ഞു "മോളെ അച്ഛന് ജോലിക്കിട്ടി പത്തനാപുരത്ത് പോയി" എന്ന്. അപ്പോൾ അവളുടെ മുഖത്ത് എന്തെന്നില്ലാത്ത ഒരു തെളിച്ചം അച്ഛന് ജോലി കിട്ടിയിലെ ഇനി നമ്മുടെ കഷ്ടപാടൊക്കെ തിരുമല്ലോ. എന്റെ അഗ്രഹങ്ങൾ സാധിക്കുമല്ലൊ എന്നവൾ സന്തോഷത്തോടെ മനസ്സിൽ ചിന്തിച്ചു.പിറ്റേന്ന് വളരെ സന്തോഷവതിയായിട്ടാണ് അവൾ സ്കൂളിൽ പോയത്. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവളുടെ മാഷ് അവളെ വിളിച്ച വീട്ടിലേക്ക് പറഞ്ഞയച്ചു. കുറെ ആൾക്കാർ വിട്ടിൽ വന്നിട്ട് പോക്കുന്നുണ്ടായിരുന്നു. ചിലയാൾക്കാർ വീട്ടിന്റെ മുറ്റത്ത് കസേരയിൽ ഇരിക്കുന്നു. വീട്ടിന്റെയുള്ളിൽ നിന്നും ചില ശബ്ദങ്ങൾ, കരച്ചിലുകൾ ,നിലവിളികൾ. ദേവയാനിയുടെ മനസ്സിൽ എന്തെന്നില്ലാത്ത ഭയം*

ഉണ്ടായി. അവൾ അകത്ത് കയറുമ്പോൾ അവളുടെ അച്ഛനെ പായയിൽ കിടത്തിയിരുന്നു. അപ്പോഴാണ് അവൾക്ക് മനസ്സിലായത്. അവളുടെ അച്ഛൻ മരിച്ചെന്ന്. മനസ്സിൽ നിറയെ ദുഖവും പരിഭ്രാന്തിയും നിറഞ്ഞു .അവൾ പൊട്ടിക്കരഞ്ഞു. അവളുടെ സ്വപ്നം അവിടെ ബാക്കിയായി.......

# ഒരു അമ്മയുടെ നൊമ്പരം

അഞ്ജന



വലിയ സാമ്പത്തികസ്ഥിതിയൊന്നുമില്ലാത്ത ഒരാളാണ് ഗോപി. ഗോപിയുടെ ഭാര്യയാണ് രാജി. ഒരു വീട്ടിൽ ഇവർ രണ്ട് പേരും സന്തുഷ്ടമായി ജീവിക്കുന്നു. ഗോപി കല്ല് ചെത്ത് തൊഴിലാളിയാണ്. മക്കളില്ലാത്തതിന്റെ വിഷയം അവരെ വല്ലാതെ വിഷമിപ്പിച്ചു. 6 വർഷങ്ങൾക്ക് ശേഷം ഒരു പെൺക്കുഞ്ഞ് ജനിക്കുന്നു. അവർ അവൾക്ക് മീന എന്ന് പേരിട്ടു. വളരെ താലോലിച്ച് വളർത്തി. അവരുടെ സ്വപ്നമായിരുന്നു അവളെ പഠിപ്പിച്ചു വലിയ ഉയരത്തിലെത്തണം എന്നത്. ഗോപി എന്നും കല്ലുചെത്തു കഴിഞ്ഞ് രാത്രിയാണ് എത്തുക. അന്ന് രാത്രി പതിവുപോലെ അത്താഴം തയ്യാറാക്കിയിട്ടും ഗോപി വന്നില്ല. അച്ഛൻ വരാത്തതിനാൽ മീനവും രാജിയും അത്താഴം കഴിച്ചില്ല. വളരെ പേടിയോടെ അവർ അന്ന് രാത്രി നിന്നു. പിറ്റേന്ന് അവർ ജോലി സ്ഥലത്ത് പോയപ്പോൾ ചോരയിൽ കുളിച്ച് മണ്ണത്ത് വീണുകിടക്കുന്ന അച്ഛനെയാണ് കണ്ടത്. രാത്രിമുതലേ ചോരവാർന്നു പോയിട്ടുണ്ട്. അവർക്ക് ആശുപത്രിയിൽ പോകാനോ കഴിഞ്ഞില്ല. ആ അപകടത്തിൽ ഗോപി മരണത്തിന് കാരണമായി. അത് അവരെ വല്ലാതെ തളർത്തുകയും ഒറ്റപ്പെടുകയും ചെയ്തു. അവരെ രാത്രിയിൽ പല പുരുഷൻമാരും അവരോട് അപമര്യാദയായി പെരുമാറാൻ തുടങ്ങി. അവർ രാത്രിയിൽ പേടിയോടെ കഴിഞ്ഞു. മീന MBBS ന് പഠിക്കുകയായിരുന്നു. PG നല്ല മാർക്കോടെ പാസായി. പഠിപ്പിന്റെ അവസാനഘട്ടത്തിലെത്തിയപ്പോൾ അവളുടെ സ്വപ്നങ്ങൾ ആ ദിവസം രാത്രിയിൽ അയാൾ തകർത്തു. മദ്യലഹരിയിൽ വീട്ടിലെത്തിയ ഒരാൾ മീനയെ നശിപ്പിക്കാൻ ശ്രമിച്ചു. അത് ആ അമ്മയെയും മീമയെയും തകർത്തു. മീനയെ അത് മാനസികമായും തകർത്തിയിരുന്നു. അവൾ അമ്മയോടുപോലും സംസാരിക്കാൻ ഭയന്നു. അമ്മയുടെയും അവളുടെയും സ്വപ്നങ്ങൾ കൊഴിഞ്ഞുപോകാൻ തുടങ്ങി എന്ന് അമ്മയ്ക്ക് തോന്നി. അമ്മ മീനയെ സ്നേഹത്തോടെയുള്ള പരിചരണം മീനയെ അവളാക്കി മാറ്റി. വീടും പറമ്പും വിറ്റ് അവളെ മുംബൈയിൽ പഠിക്കാൻ പറഞ്ഞയച്ചു. വീട്ടിലെ ലാന്റ് ഫോണിൽ എന്നു വിശേഷങ്ങൾ പറയും. ഒരു ദിവസം അപ്രതീക്ഷിതമായ ഒരു വിളിവന്നു. മീനയുടെ കോളജിൽ നിന്നായിരുന്നു. മകൾ ആത്മഹത്യചെയ്തുവെന്ന്.അമ്മ ഉരുക്കി തീർന്നിരുന്നു. പത്രങ്ങളിൽ മുഴുവൻ ആത്മഹത്യവാർത്തയായിരുന്നു. അമ്മ മുംബൈയിൽ മകളുടെ ജഡം കാണാൻ എത്തി. അപ്പോൾ മകളുടെ കൂട്ടുകാരി പറഞ്ഞു; പ്രിൻസിപ്പിളിന്റെ മകളോടുള്ള നീചപ്രവർത്തിയാണ് ഇതിന് പിന്നിലെന്ന്. കോളജുകാർ വിചാരിച്ചത് പ്രണയനൈരാശ്യമാണെന്നാണ്. ആ മകളുടെ ജഡം പോലും നാട്ടിലെത്തിക്കാനായില്ല. ആ മകളുടെ സ്വപ്നം ഒരു ഡോക്ടറാകണം എന്നത് ആ ദുഷ്ടൻ തകർത്തത്. പിന്നീട് മകളുടെ പഠനത്തിന്റെ അവസാനഘട്ടത്തിലെത്തിയപ്പോൾ വീണ്ടും തളിർത്ത ആ സ്വപ്നവും

ബാക്കിയാക്കി അവൾ ഭൂമിയിൽ നിന്നും മാഞ്ഞുപോയി. അമ്മയുടെ മനസ്സ് ഇരുൾ കൊണ്ട് നിറഞ്ഞു. ആകാശത്തേക്ക് നോക്കിയിരുന്ന ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അപ്പോൾ ആകാശത്തൊരു നക്ഷത്രം തിളങ്ങിനിൽക്കുന്നുണ്ടായിരുന്നു. പിന്നീട് ഒരിളം കാറ്റ് അമ്മയെ തഴുകി. അത് മീനയുടെ സാന്നിദ്ധ്യമാണെന്ന് വിശ്വസിച്ച് ആ അമ്മയുടെ കണ്ണുകൾ ഉറക്കത്തിലേക്ക് വഴുതിവീണു.